# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4944 : 21/10/2011 -ൽ മറുപടിക്ക്**

**'കേരള സ്റ്റേറ്റ് സെൽഫ് എൻട്രപ്രണർ മിഷൻ'**

ചോദ്യം | ഉത്തരം

**ശ്രീ. വി. ശശി :**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും
നഗരകാര്യവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | 'കേരള സ്റ്റേറ്റ് സെൽഫ് എൻട്രപ്രണർ മിഷൻ' മുന്നോട്ടു വയ്ക്കുന്ന സ്കീം എന്താണ്; അതിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | വ്യവസായ വകുപ്പിന്റെ കീഴിൽ ഈ സ്കീം നടപ്പാക്കുന്നില്ല, എന്നാൽ, 500 കോടി രൂപ മുതൽ മുടക്കിൽ 1 ലക്ഷം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന തൊഴിൽദാന പരിപാടിയായ "കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ" ധനകാര്യ മന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. 2000 കോടിയോളം രൂപയുടെ അടങ്കലുള്ള ഒരു പദ്ധതിയായാണ് ബഡ്ജറ്റിൽ ഇത് അവതരിപ്പിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. ടി പദ്ധതി ഈ സാമ്പത്തിക വർഷം മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. കേന്ദ്ര സർക്കാർ ഏജൻസികളുടെ സഹായം ഈ പദ്ധതിക്ക് ലഭ്യമാകുന്ന കാര്യം പരിശോധിച്ചു വരികയാണ്. പൊതുമേഖല, സ്വകാര്യ മേഖല, |

| | | | |
|---|---|---|---|
| | | | പഞ്ചായത്തുകൾ എന്നിവയുടെ സംയുക്ത പങ്കാളിത്തത്തോടെ , (P-P-P-P Model) ഈ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷന് രൂപം കൊടുക്കാൻ ഉദ്ദേശിക്കുന്നു. കേരള ഫിനാൻഷ്യൽ കോർപ്പറേഷനായിരിക്കും ഇതിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുക. നാഷണൽ സ്കിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, എന്റർപ്രണേറിയൽ ഡവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ എന്നീ സ്ഥാപനങ്ങളുടെ സഹായത്തോടുള്ള പരിശീലന പരിപാടികളിലൂടെ അഭ്യസ്ത വിദ്യരായ ചെറുപ്പക്കാരെ മികച്ച സംരംഭകരാകാൻ പ്രാപ്തരാക്കും. പരിശീലനം ലഭിച്ച അഞ്ചിൽ കുറയാത്ത അംഗങ്ങൾ ചേർന്ന് പതിനായിരത്തോളം ചെറുകിട-മൈക്രോ വ്യവസായ സംരംഭങ്ങൾക്ക് രൂപം നൽകുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു. ഇപ്രകാരം രൂപീകരിക്കപ്പെടുന്ന വ്യാവസായിക യൂണിറ്റുകൾക്ക് പ്രോജക്ട് കോസ്റ്റിന്റെ 90% തുക പലിശ രഹിത വായ്പയായി കെ. എഫ്. സി. നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിൻ പ്രകാരം യുവസംരംഭകരുടെ വ്യവസായിക സംഘങ്ങൾക്ക് 20 ലക്ഷം രൂപയും സംഘങ്ങളല്ലാത്ത ടെക്നോക്രാറ്റുകളായ വ്യക്തികൾക്ക് 10 ലക്ഷം രൂപ വരെയും വായ്പ നൽകുന്നതിനായി പദ്ധതി വിഭാവനം ചെയ്യുന്നു. |

| | | | |
|---|---|---|---|
| (ബി) | ഈ സ്കീം ഏതു വകുപ്പിന്റെ നേതൃത്വത്തിലാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ധനകാര്യ വകുപ്പിന്റെ കീഴിലാണ് ഈ സ്കീം നടപ്പാക്കുന്നത്. |
| (സി) | കേരള സ്റ്റേറ്റ് സെൽഫ് എൻട്രപ്രണറിയൽ ഡവലപ്പ്മെന്റ് മിഷൻ മുന്നോട്ടു വയ്ക്കുന്ന പരിപാടികൾക്കു സമാനമായ പദ്ധതികൾക്കു വേണ്ടത്ര പദ്ധതി വിഹിതമില്ലാതെ വ്യവസായ വകുപ്പ് നടപ്പാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. കേരള സ്റ്റേറ്റ് സെൽഫ് എൻട്രപ്രണറിയൽ ഡവലപ്പ്മെന്റ് മിഷൻ പദ്ധതിക്ക് വ്യവസായ വകുപ്പിന്റെ മറ്റ് പദ്ധതികളുമായി ബന്ധമില്ല. |
| (ഡി) | എങ്കിൽ വ്യവസായ വകുപ്പിന്റെ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാതെ അതേ ലക്ഷ്യത്തോടെ മറ്റൊരു പദ്ധതി പ്രഖ്യാപിച്ച് വ്യവസായ വകുപ്പിന്റെ പ്രസക്തി നഷ്ടപ്പെടുന്നത് തടയാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ